# എം ഇ എസ് ഹയർസെക്കണ്ടറി സ്കൂൾ

## വണ്ടന്മേട്,




# നവസൗരഭ്യം

## ലിറ്റിൽകൈറ്റ്സ്

## 2018-2019

little KITEs





എം.ഇ.എസ് സ്കൂളിലെ  ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 'നവസൗരഭ്യം' എന്ന ഒരു മാഗസിൻ പ്രസിദ്ധീകരിക്കുകയാണ്. ഈ പ്രവർത്തനത്തിൽ പങ്കാളികളായ വിദ്യാർത്ഥികളെയും അവരെ സഹായിച്ച അധ്യാപകരെയും ഞാൻ അഭിനന്ദിക്കുന്നു .ഈ ഡിജിറ്റൽ മാഗസിൻ ഒരു വൻ വിജയമാകട്ടെ എന്ന് ആശംസിക്കുന്നു .

ഹൃദയപൂർവം

പ്രധാന അധ്യാപിക

***മായാവസുന്ധരാദേവി***

ഭാവനയുടെ ലോകത്തുനിന്നും സാങ്കേതികവിദ്യയുടെ ചിറകുകളിലൂടെ കുതിച്ചുപായുന്ന പുതുതലമുറയ്ക്ക് നവസൗരഭ്യം സമർപ്പിക്കുന്നു .ഈ സംരംഭത്തിന്റെ പിന്നിൽ കൈതന്നു സഹായിച്ച ഓരോ കുട്ടികൾക്കും ഒപ്പം അനീഷ മുഹമ്മദ് ,രാജേഷ്,മീന എന്നീ അധ്യാപകർക്കും നന്ദി രേഖപ്പെടുത്തുന്നു.



*Students Editor*

*<u>Ansamol K.S</u>*

# താളുകൾമറിയുമ്പോൾ ...........

- മോഹഭംഗം ...............................................
- ഏകദിനപരിശീലനക്യാമ്പ്..........................
- ഡിജിറ്റൽ മാഗസിന്റെ പണിപ്പുരയിൽ നിന്നും .......................................................
- ജീവിതത്തിലെ ഒറ്റപ്പെടൽ ............................
- വരവായ്....................................................
- മഹത്വചനങ്ങൾ........................................
- സൃഷ്ട്ടികൾസാഹിത്യകാരന്മാർ....................
- പ്ലാസ്റ്റിക്കിൽ സൂക്ഷിച്ച ആഹാര സാധനങ്ങൾ കഴിച്ചാൽ ...
- ഇടുക്കിയുടെ മനോഹാരിതയിലൂടെ ...............

# മോഹഭംഗം

കഴിയാതെ പോയ ഒന്നിന് വേണ്ടി

സാധിക്കാതെ പോയ ഒന്നിന് വേണ്ടി

പൊഴിഞ്ഞിട്ടും വീണ്ടും പൂവിടുന്ന

ഒരു പനിനീർച്ചെടിതൻ മോഹഭംഗം

കൊഴിയുന്നവർണ്ണങ്ങൾ

പൊഴിയുന്നമോഹമായ്

വീണ്ടുംജ്വലിച്ചിട്ടും രാത്രിതന്നിൽ....

മൊട്ടിട്ടും, പൂവായ് കായ്കമവ.....

വീണ്ടുമാച്ചെടിയിൽ

വീണ്ടുമെൻ മനസ്സിൽ ...

തൊലിനിറം മാഞ്ഞ്പോയെങ്കിലും ..

ദേഹംചുക്കിച്ചുളിഞ്ഞെങ്കിലും .....

മോഹഭംഗം എന്നും മോഹഭംഗം.

-ആദിത്യൻ സുരേഷ്

# പ്ലാസ്റ്റിക്കിൽ സൂക്ഷിച്ച ആഹാര സാധനങ്ങൾ കഴിച്ചാൽ ...

പ്ലാസ്റ്റിക് കൊണ്ടുണ്ടാക്കിയ ഏതു വസ്തുവും ആരോഗ്യത്തിന് നല്ലതല്ല .അപ്പോൾ പ്ലാസ്റ്റിക് വസ്തുക്കളിൽ ആഹാരപദാർത്ഥങ്ങൾ സൂക്ഷിച്ച വെക്കുന്നതിനെപ്പറ്റി നമ്മൾ ചിന്തിക്കുകയെ വേണ്ട.പോളികാർബോണേറ്റ്സ് അടങ്ങിയതാണ് നമ്മൾ ദിവസേന ഉപയോഗിക്കുന്ന പ്ലാസ്റ്റിക് കുപ്പികൾ ,ഡപ്പികൾ,തുടങ്ങിയവയെല്ലാം ഇവ ബിസ്ഫിനോൾ എ (BPA) എന്ന കെമിക്കൽ പുറന്തള്ളുന്നുണ്ട്.ഇത് ഒരുപാട് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നു .കാൻസർ,പ്രമേഹം എന്നിവ ഇവയിൽ ചിലത് മാത്രം .കണ്ണിനു കാണാൻ കഴിയാത്തത്ര വലിപ്പത്തിലുള്ള പ്ലാസ്റ്റിക് അന്തരീക്ഷ വായുവിലൂടെ നമ്മുടെ ശ്വാസകോശത്തിൽ വരെയും എത്തുന്നുണ്ട് .പ്ലാസ്റ്റിക് മലിന്യം നാൾക്കുനാൾ കൂടിവരുന്ന ഈ സാഹചര്യത്തിൽ പ്ലാസ്റ്റിക് ഉത്പന്നങ്ങൾ വിവേകത്തോടെ ഉപയോഗിക്കേണ്ടതിനെക്കുറിച്ച ചിന്തിക്കണം .

# ജീവിതത്തിലെ ഒറ്റപ്പെടൽ

ഒരു വൃദ്ധസദനത്തിൻറെ നടത്തിപ്പുകാരിയോട് ഒരാൾ ചോദിച്ചു നിങ്ങളുടെ അഭിപ്രായത്തിൽ ഈ ലോകത്ത് ഏറ്റവും കൂടുതൽ കഷ്ടപ്പെടുന്ന മനുഷ്യനാരാണ്? അതിനു ആ സ്ത്രീ പറഞ്ഞ മറുപടി.. കഷ്ടപ്പെടുന്ന ഒരുപാടാളുകൾ വൃദ്ധസദനത്തിൽ ഞാൻ കണ്ടിട്ടുണ്ട്.. ആ കൂട്ടത്തിൽ ഈ്ട്ടവാറും കൂടുതൽ കഷ്ടപ്പെടുന്നത് വാർദ്ധക്യാവസ്ഥയിൽ ഭാര്യമരിച്ച ഭർത്താവാണ് .എന്നിട്ട് സ്ത്രീ ഒരു കഥ പറഞ്ഞു തന്നു .വളരെ പ്രൗഢിയോടുകൂടി അഭിമാനിയായി ജീവിച്ച അയാൾ വീട്ടിലെ അടുക്കളയിൽ കയറി ഇതുവരെ ഭക്ഷണം കഴിച്ചിട്ടില്ലാത്ത അയാൾ ഭാര്യ ഡൈനിങ്ങ് ഹാളിലെ

മേശപ്പുറത്തു വച്ച് വിളമ്പിക്കൊടുത്തതിനുശേഷമാണ് ഭക്ഷണം കഴിക്കുക. ഭർത്താവു എന്താണ് ആഗ്രഹിക്കുന്നതെന്ന് ഭർത്താവിന്റെ മുഖത്ത് നിന്ന് വായിച്ചെടുക്കുന്ന നല്ല ഒരു ഭാര്യ ,ഭർത്താവിന് ഒരു ശീലമുണ്ട് രാത്രികിടക്കുന്നതിനു മുൻപ് ഒരു ഗ്ലാസ് വെള്ളം കുടിക്കും അതയാളുടെ ഭാര്യക്ക് ശെരിക്കുമറിയാം അതുകൊണ്ട് വെള്ളവും ഒരു ഗ്ലാസും മേശപ്പുറത്തു വെക്കാറുണ്ട്.എന്താവശ്യത്തിനും ഭാര്യയെ ആശ്രയിക്കുന്ന ഭർത്താവ് .അങ്ങനെ ഒരു ദിവസം അയാളുടെ ഭാര്യ മരിച്ചു .പിന്നീട് തന്റെ ഭാര്യയുടെ അഭാവം അയാൾ ശരിക്കും അറിയാൻ തുടങ്ങി. അയാൾ മടിയോടുകൂടി വിളിച്ചുപറഞ്ഞു മരുമകളോട് ഇത്തിരി വെള്ളം വേണം .അവൾ കൊണ്ടുവന്ന വെള്ളം കുടിച്ചു കിടന്നു. വീണ്ടുമായാൽ വെള്ളം ചോദിച്ചു ,മകനും മരുമകകളും കിടക്കുന്ന വാതിലിൽ ഒരുപാടു തവണ മുട്ടി.വാതിൽ തുറന്ന മരുമകളുടെ മുഖം കണ്ട അയാൾ ഞെട്ടി.അത്ര വെറുപ്പോടു കൂടി മുഖത്തിന് മുന്നിൽ അയാൾക്ക് പ്ലാസ്റ്റിക്കിൽ സൂക്ഷിച്ച ആഹാര സാധനങ്ങൾ കഴിച്ചാൽ ...

പ്ലാസ്റ്റിക് കൊണ്ടുണ്ടാക്കിയ ഏതു വസ്തുവും ആരോഗ്യത്തിന് നല്ലതല്ല .അപ്പോൾ പ്ലാസ്റ്റിക് വസ്തുക്കളിൽ ആഹാരപദാർത്ഥങ്ങൾ സൂക്ഷിച്ചു വെക്കുന്നതിനെപ്പറ്റി നമ്മൾ ചിന്തിക്കുകയെ വേണ്ട.പോളികാർബോണറ്റ്സ് അടങ്ങിയതാണ് നമ്മൾ

ദിവസേന ഉപയോഗിക്കുന്ന പ്ലാസ്റ്റിക് കുപ്പികൾ ,ഡപ്പികൾ,തുടങ്ങിയവയെല്ലാം ഇവ ബിസ്ഫിനോൾ എ (BPA) എന്ന കെമിക്കൽ പുറന്തള്ളുന്നുണ്ട്.ഇത് ഒരുപാട് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നു .കാൻസർ,പ്രമേഹം എന്നിവ ഇവയിൽ ചിലത് മാത്രം .കണ്ണിനു കാണാൻ കഴിയാത്തത്ര വലിപ്പത്തിലുള്ള പ്ലാസ്റ്റിക് അന്തരീക്ഷ വായുവിലൂടെ നമ്മുടെ ശ്വാസകോശത്തിൽ വരെയും എത്തുന്നുണ്ട് .പ്ലാസ്റ്റിക് മലിന്യം നാൾക്കുനാൾ കൂടിവരുന്ന ഈ സാഹചര്യത്തിൽ പ്ലാസ്റ്റിക് ഉത്പന്നങ്ങൾ വിവേകത്തോടെ ഉപയോഗിക്കേണ്ടതിനെക്കുറിച്ച് ചിന്തിക്കണം .

## ***വരവായ്....***

*മാറും മനസിന്റെ മധുപാത്രം നുകരുവാൻ*

*മായാതെ എന്നിൽ നീ എത്തിടുമ്പോൾ*

*ജീവന്റെ ജീവനായ്*

*സ്നേഹത്തിൻ പുഷ്പങ്ങൾ*

*ഉള്ളിൽ തുളുമ്പുന്നൊരോർമയായ് സന്ധ്യയെ..*

***-ബ്യൂണ***

# മഹത്‌വചനങ്ങൾ

"സഹജീവികളെ സ്നേഹിക്കുക
എന്നത്  മനുഷ്യന്റെ ചുമതലയാണ്,
ഏറ്റവും വലിയ ഈശ്വര പൂജയും അതാണ്"

**-രാജാറാം മോഹൻറോയ്**

"ഐക്യമില്ലാത്ത ഒരു    രാജ്യത്തിനും
നിലനിൽക്കാനാവില്ല.അച്ചടക്കത്തി
ലൂടെ മാത്രമേ ഐക്യമുണ്ടാകൂ"

**-ഇന്ദിരാഗാന്ധി**

-Betzy Sam

# സൃഷ്ടികൾ സാഹിത്യകാരന്മാർ

| | | |
|---|---|---|
| രാമായണം | - | വാത്മീകി |
| ശാകുന്തളം | - | കാളിദാസൻ |
| വെനീസിലെ വ്യാപാരി | - | ഷേക്സ്പ്പിയർ |
| മഹാഭാരതം | - | വ്യാസൻ |
| മരണമെന്ന വാതിലിനപ്പുറം | - | നിത്യചൈതന്യയതി |
| നളിനി | - | കുമാരനാശാൻ |
| ആടുജീവിതം | - | ബെന്യമിൻ |
| അഗ്നിച്ചിറകുകൾ | - | എ.പി.ജെ.അബ്ദുൾകലാം |
| നെയ്യ്പായസം | - | കമലാസുരയ്യ |

**–ആരോമൽ സാജൻ**

# ഇടുക്കിയുടെ മനോഹാരിതയിലൂടെ ...

**ഇടുക്കി ആർച് ഡാം**



**രാമക്കൽമേട്**





**കാൽവരിമൗണ്ട്**



# അതിജീവനത്തിന്റെ നാളുകൾ

കേരളം ഇന്നുവരെകണ്ടതിൽ ഏറ്റവും ലിയ ദുരന്തം. ജാതിയുടെയും , മതത്തിന്റയുംപേരിൽ, സമ്പന്നതയുടെയുംപേരിൽ.പരസ്പരം പോരടിച്ചവർ . എന്തിന് വേണ്ടിയാണ് നാം മനുഷ്യർ പരസ്പരംപോരടിച്ചത്? യാതൊരു വിധത്തിലുമുള്ളഅടിസ്ഥാനചിന്തകളും ഇല്ലാതെ .എന്നാൽ പൃകൃതിയോട് നാം കാണിച്ചഅല്ലെങ്കിൽ പ്രകൃതി തിരിച്ചു പ്രതികരിച്ചപ്പോൾ തളർന്നുപോയി .അപ്പോഴാണ് നാം മനുഷ്യർ ,സാഹോദര്യത്തിന്റെയും മനുഷ്യത്വത്തിന്റെയും വില മനസ്സിലാക്കിയത് .ജാതി ,മത ,വർഗ ,വർണ്ണ വിവേചനമില്ലാതെ പണക്കാരനും പാവപെട്ടവവനും എന്ന വേർതിരിവ് ഇല്ലാതെ ഒരു പാത്രത്തിൽ ഉണ്ട് ,ഒരു പായിൽ ഉറങ്ങിയാ നാളുകൾ. ഒരു തുള്ളി ജലത്തിന് മനുഷ്യന്റെ മനസ്സിനെയും മൃഗീയതയേയും മാറ്റി മറിക്കാമെങ്കിൽ ജലത്തിന്റെ സഹായമില്ലാതെ മനുഷ്യന്റെ മനസ്സിലെ സ്നേഹംകൊണ്ടും ,നന്മകൊണ്ടും കേരളത്തിൽ സാഹോദര്യം കെട്ടിപ്പടുക്കാം...ഒരുമിക്കാം അതിനായ്.



# ജീവിതത്തിലെ ഒറ്റപ്പെടൽ

ഒരു വൃദ്ധസദനത്തിൻറെ നടത്തിപ്പുകാരിയോട് ഒരാൾ ചോദിച്ചു നിങ്ങളുടെ അഭിപ്രായത്തിൽ ഈ ലോകത്തു ഏറ്റവും കൂടുതൽ കഷ്ടപ്പെടുന്ന മനുഷ്യനാരാണ്? അതിനു ആ സ്ത്രീ പറഞ്ഞ മറുപടി.. കഷ്ടപ്പെടുന്ന ഒരുപാടാളുകൾ വൃദ്ധസദനത്തിൽ ഞാൻ കണ്ടിട്ടുണ്ട്.. ആ കൂട്ടത്തിൽ കൂടുതൽ കഷ്ടപ്പെടുന്നത് വാർദ്ധക്യാവസ്ഥയിൽ ഭാര്യ മരിച്ച ഭർത്താവാണ് എന്നിട്ട സ്ത്രീ ഒരു കഥ പറഞ്ഞു തന്നു .വളരെ പ്രൗഢിയോടുകൂടി അഭിമാനിയായ ജീവിച്ച അയാൾ വീട്ടിലെ അടുക്കളയിൽ കയറി ഇതുവരെ ഭക്ഷണം കഴിച്ചിട്ടില്ലാത്ത അയാൾ ഭാര്യ ഡൈനിങ്ങ് ഹാളിലെ മേശപ്പുറത്തു വച്ച് വിളമ്പിക്കൊടുത്തതിനുശേഷമാണ് ഭക്ഷണം കഴിക്കുക ഭർത്താവു എന്താണ് ആഗ്രഹിക്കുന്നതെന്ന് ഭർത്താവിന്റെ മുഖത്ത് നിന്ന് വായിച്ചെടുക്കുന്ന നല്ല ഒരു ഭാര്യ ,ഭർത്താവിന് ഒരു ശീലമുണ്ട് രാത്രികിടക്കുന്നതിനു മുൻപ് ഒരു ഗ്ലാസ് വെള്ളം കുടിക്കും അതയാളുടെ ഭാര്യയ്ക്ക് ശരിക്കുമറിയാം അതുകൊണ്ട് വെള്ളവും ഒരു ഗ്ലാസും മേശപ്പുറത്തു വെക്കാറുണ്ട്.എന്താവശ്യത്തിനും ഭാര്യയെ ആശ്രയിക്കുന്ന ഭർത്താവു അങ്ങനെയിരിക്കെ ഒരു ദിവസം അയാളുടെ ഭാര്യ മരിച്ചു .പിന്നീട് തന്റെ ഭാര്യയുടെ അഭാവം അയാൾ ശരിക്കും അറിയാൻ തുടങ്ങി..അയാൾ മടിയോടുകൂടി വിളിച്ചുപറഞ്ഞു മരുമകളോട് ഇത്തിരി വെള്ളം വേണം .അവൾ കൊണ്ടുവന്ന വെള്ളം കുടിച്ചു കിടന്നു. വീണ്ടുമയാൾ വെള്ളം ചോദിച്ചു ,മകനും മരുമകളും കിടക്കുന്ന വാതിലിൽ ഒരുപാടു തവണ മുട്ടി.വാതിൽ തുറന്ന മരുമകളുടെ മുഖം കണ്ട അയാൾ ഞെട്ടി..അത്ര വെറുപ്പോടു കൂടി മുഖത്തിന് മുന്നിൽ അയാൾക്ക് ജീവിതത്തിൽ നിൽക്കേണ്ടി വന്നിട്ടില്ല ..അവൾ ചോദിച്ചു എന്താ? ഒന്നുമില്ല നേരം വെളുത്തപ്പോൾ ഒരു ഗ്ലാസ് വെള്ളം ചോദിക്കാനുള്ള ആയുസില്ലാതെ അയാൾ മരിച്ചു പോയി ഈ കഥ പറഞ്ഞിട്ട് ആ സ്ത്രീ പറയുകയാണ് സ്നേഹത്തോടെ ജീവിക്കുന്ന ദാമ്പത്യ ജീവിതത്തിൽ ഭാര്യ പിരിഞ്ഞു പോകുമ്പോൾ ഭർത്താവ് അനുഭവിക്കുന്ന ഒറ്റപ്പെടലാണ് ഏറ്റവും വലിയ കഷ്ട്ടപ്പെടൽ .

ഭാര്യക്ക് പകരം വെക്കാൻ മക്കളോ മരുമകളോ ഉണ്ടായിട്ടു കാര്യം ഇല്ല.ഭാര്യക് പകരം ഭാര്യാമാത്രം സ്നേഹിക്കുക ആവോളം .............

**-സൂര്യ**

# പഴഞ്ചൊല്ലുകൾ

1. അകത്തു കത്തിയും പുറത്തു പത്തിയും

2. അകലത്തെ ബന്ധുവിനേക്കാൾ അരികത്തെ ശത്രു നല്ലത്

3. കടന്നൽ കൂട്ടിൽ കല്ലെറിയരുത്

4. ആനവായിൽ അമ്പഴങ്ങ

5. ആരാന്റെ അമ്മയ്ക്ക് ഭ്രാന്ത് വന്നാൽ  കാണാൻ നല്ല ചേല്

6. ആനപ്പുറത്തിരിക്കുമ്പോൾ പട്ടിയെ പേടിക്കണോ

7. ആളുവില കല്ലു വില

8. പെൺബുദ്ധി പിൻബുദ്ധി

9. കാണം വിറ്റും ഓണം ഉണ്ണണം


10. ഇത്തിൾ പിടിച്ച മരം കെടും

# ഞാനാണ് കോട്ടയം

കേരള സംസ്ഥാനത്തിലെ ഒരു ജില്ലായാണ് ഞാൻ.പ്രകൃതി സൗന്ദര്യത്താൽ അനുഗ്രഹീതമായ സ്വർഗ്ഗസുന്ദരമായ നാടാണ് ഞാൻ . ആളുകൾ എന്നെ കോട്ടയം എന്നു വിളിക്കുന്നു . തെക്കുംകൂർ മഹാരാജാക്കന്മാരാണ്
എനിക്ക് ഈ പേര് നൽകിയത് . കോട്ടക്കുള്ളിലെ സ്ഥലമെന്നാണ്ഈ പേരിന്റെ അർഥം എന്റെ കിഴക്കുഭാഗം മലകൾ നിറഞ്ഞതാണെങ്കിൽ .പടിഞ്ഞാറ് കുട്ടനാടിന്റെ സൗന്ദര്യമുണ്ട് . എന്റെ സംസ്കാരത്തിൽ എല്ലാ മതങ്ങളുടെയും ഭാവന ഉണ്ട് .ഏറ്റവും പഴയ വിദ്യാഭ്യാസാഥാപനമായ സി.എം.സ് സ്കൂൾ എന്റെ സമ്പത്താണ് .പ്രസിദ്ധ ക്ഷേത്രങ്ങളായ തിരുനക്കര , ഏറ്റുമാനൂരും എന്റെ ഐശ്വര്യമാണ്.
ഞാൻ 'അക്ഷരനഗരി' എന്നറിയപ്പെടുന്നു .കേരളത്തിൽ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളിൽ 80 ശതമാനവും എന്റെ വീട്ടിൽ നിന്നാണ് ഇറങ്ങുന്നത് .പ്രകൃതിരമണീയമായ പല വിനോദസഞ്ചാര കേന്ദ്രകളുമുണ്ട് . മീനച്ചിലാറിന്റെ സൗന്ദര്യവും ,കുമാരകവും എനിക്ക് സ്വന്തം.

*-Meenu*

# ഏകദിനപരിശീലന ക്യാമ്പ്









# ഡിജിറ്റൽ മാഗസിന്റെ പണിപ്പുരയിൽ നിന്നും ....






acer

# LITTLE KITES

# 2018-2019

*With thanks,*

*Little Kite Master:**Rajesh R***
*Little Kite Mistress:**Anisha Mohammad***